**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3365 29/01/2014-ൽ മറുപടിയ്ക്ക്

## ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ്<br>" ഐ.സി. ബാലകൃഷ്ണൻ<br>" വി.ഡി. സതീശൻ<br>" എ.പി. അബ്ദുള്ളക്കുട്ടി | **ശ്രീ . കെ.പി.മോഹനൻ**<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ) & ബി) ഉണ്ട്. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 60 വയസ്സു പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകുന്ന പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ നൽകുമോ; | 16.08.2011ലെ സ.ഉ(എം.എസ്)197/2011/കൃഷി പ്രകാരം ഒരു ഹെക്ടറോ അതിൽ താഴെയോ കൃഷി ഭൂമിയുള്ള 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചു. 13.02.2012 ലെ സ.ഉ(എം.എസ്)26/2012/കൃഷി പ്രകാരം സ്ഥലപരിധി 2 ഹെക്ടർ ആയി ഉയർത്തുകയും പ്രതിമാസ പെൻഷൻ തുക 400 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. 2009 ആഗസ്റ്റ് മാസം മുതൽ സംസ്ഥാനത്തെ നെൽ കർഷകർക്കായി നിലവിലുണ്ടായിരുന്ന കിസാൻ അഭിമാൻ പെൻഷൻ പദ്ധതി അംഗങ്ങളെയും ഉൾപ്പെടുത്തിയാണ് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ആദ്യഘട്ടത്തിൽ 2012 ജൂൺ മാസം 15-ാം തീയതി വരെയാണ് പദ്ധതിയിൽ അംഗമാകുന്നതിന് സമയപരിധി നിശ്ചയിച്ചിരുന്നത്. ഇതു പ്രകാരം അപേക്ഷ . സ്വീകരിക്കുകയും അർഹരാണെന്ന് കണ്ടെത്തിയ 209518 കർഷകർക്ക് പ്രതിമാസം 400 രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുകയും ചെയ്തു. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഇ-പെയ്മന്റ് സംവിധാനം മുഖേനയാണ് പെൻഷൻ നൽകുന്നത്. പദ്ധതിയിൽ അംഗങ്ങളായുള്ള കർഷകരുടെ സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ അനുവദിച്ചു നൽകിയിട്ടുണ്ട്. |

2013 ഏപ്രിൽ മാസം മുതൽ കർഷക പെൻഷൻ തുക 500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിക്കായി ബഡ്ജറ്റ് വിഹിതമായി ലഭിച്ച 10320.00 ലക്ഷം രൂപ 2014 ജനുവരി മാസം വരെ നിലവിലുള്ള പദ്ധതി അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുക ബ്ലോക്ക് തല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകി വരുന്നു.

സി) ആരെയെല്ലാമാണ് പദ്ധതിയുടെ പരിധിയിൽപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

സി) രണ്ട് ഹെക്ടറോ അതിൽ താഴെയോ കൃഷി ഭൂമിയുള്ള 60 വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്കാണ് പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിന് അർഹതയുള്ളത്.

ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് പെൻഷൻ അനുവദിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഡി) ആദ്യഘട്ടത്തിൽ 2012 ജൂൺ മാസം 15-ാം തീയതി വരെ അപേക്ഷ നൽകിയ അർഹരായ എല്ലാ കർഷകർക്കും 2014 ജനുവരി മാസം വരെയുള്ള പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. 2013 മാർച്ച് മാസം വരെ പ്രതിമാസം 400 രൂപ നിരക്കിലും 2013 ഏപ്രിൽ മാസം മുതൽ 500 രൂപ നിരക്കിലുമാണ് പെൻഷൻ നൽകുന്നത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ മുഖേന കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് പെൻഷൻ തുക നൽകുന്നത്.

രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് പെൻഷൻ നൽകുന്നതിന് ആവശ്യമായ തുക എസ്.ഡി.ജി മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ